പൊതുവിദ്യാഭ്യാസ വകുപ്പ്

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26



## ഗവ. വി എച്ച് എസ് എസ് ചുനക്കര

മാവേലിക്കര വിദ്യാഭ്യാസ ജില്ല , ആലപ്പുഴ

# ഉള്ളടക്കം


- ആമുഖം
- അടിസ്ഥാന വിവരങ്ങൾ
- സ്കൂൾ ചരിത്രം
- നിലവിലെ അവസ്ഥാ വിശകലനം
- ഭൗതിക സാഹചര്യങ്ങൾ
- പഠന -പഠനേതര പ്രവർത്തനങ്ങൾ
- സാമൂഹ്യ സേവനങ്ങൾ, സൗകര്യങ്ങൾ
- മികവുകൾ
- വിദ്യാർത്ഥികളുടെ എണ്ണം
- സ്റ്റാഫ് വിവരങ്ങൾ
- ലക്ഷ്യങ്ങൾ
- സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി
- പ്രവർത്തന കലണ്ടറും മോണിറ്ററിങ്ങും
- എസ് ആർ ജി
- സ്റ്റാഫ് മീറ്റിങ്
- സ്കൂൾ പി റ്റി എ
- ഉപസംഹാരം

# ആമുഖം

## വിദ്യാലയം മികവിന്റെ കേന്ദ്രം -കാഴ്ചപ്പാട്

കേരളത്തിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാതു തലങ്ങളിലുള്ള പഠന നേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ നമ്മുടെ വിദ്യാലയത്തിലും നല്ല പഠനാന്തരീക്ഷവും മികച്ച പഠന രീതികളും സംജാതമായിട്ടുണ്ട് .2025-26 അക്കാദമിക വർഷം സമഗ്ര ഗുണമേന്മാ വർഷമാണ് .സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസത്തെ സമഗ്രമായി കണ്ടുകൊണ്ട് വിദ്യാഭ്യാസ ഗുണമേന്മ ഉയർത്തുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിർദേശ പ്രകാരം സ്കൂളിൽ നടപ്പിലാക്കി വരുന്നത് . കുട്ടികളിൽ വികസിക്കേണ്ട ധാരണകൾ പഠന പ്രവർത്തനങ്ങളിൽ ഉൾച്ചേർത്ത് എങ്ങനെയെല്ലാം വികസിപ്പിക്കാം എന്നത് അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ഭാഗമാക്കിയിട്ടുണ്ട് . നവകേരളം കർമപദ്ധതി (വിദ്യാകിരണം),സർക്കാരിന്റെ വാർഷിക പദ്ധതിയിലെ നിർദേശങ്ങൾ എന്നിവ പരിഗണിച്ച് സ്കൂളിൽ നടക്കുന്ന സവിശേഷവും നൂതനവുമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയാണ് ഈ മാസ്റ്റർ പ്ലാൻ തയാറാക്കിയിട്ടുള്ളത്

ആലപ്പുഴ ജില്ലയുടെ തെക്കുകിഴക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന ഒരു ഗ്രാമമാണ് ചുനക്കര. ഈ ഗ്രാമത്തിന്റെ കിഴക്കേ അറ്റത്തായി സ്ഥിതിചെയ്യുന്ന പൊതു വിദ്യാലയമാണ് ചുനക്കര ഗവൺമെൻറ് വൊക്കേഷനൽ ഹയർസെക്കൻഡറി സ്കൂൾ .ആലപ്പുഴ ജില്ലയിലെ മാവേലിക്കര വിദ്യാഭ്യാസ ജില്ലയിൽ കഴിഞ്ഞ കുറെ ദശകങ്ങളായി ഇരുന്നൂറോളം കുട്ടികളെ SSLC,ഹയർ സെക്കന്ററി ,വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷകളിൽ നൂറു ശതമാനം വിജയവും കൂടുതൽ എ പ്ലസ് നേട്ടവും കൈവരിച്ച് മുന്നേറുകയാണ് നമ്മുടെ സ്കൂൾ .ദേശീയ -സംസ്ഥാനതലങ്ങളിൽ വിവിധ സ്കോളർഷിപ് മത്സര പരീക്ഷകളിൽ (USS, NMMS)പരിശീലനം നൽകുന്നതിനും മികവാർന്ന വിജയം നേടുന്നതിനും സ്കൂളിന് തുടർച്ചയായി കഴിയുന്നുണ്ട് .അക്കാദമിക മികവുകൾക്കൊപ്പം കലാകായിക രംഗങ്ങളിലും നിരന്തര പരിശീലനത്തിലൂടെ വിവിധ തലങ്ങളിൽ മികച്ച വിജയം കൈവരിക്കുവാൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട് .

സംസ്ഥാന ശാസ്ത്രമേളയിലും കായികമേളയിലും തുടർച്ചയായി പങ്കെടുക്കുന്നതിനും വിജയം കൈവരിക്കുന്നതിനും നമ്മുടെ കുട്ടികൾക്ക് സാധിച്ചിട്ടുണ്ട് .വരും വർഷങ്ങളിൽ എല്ലാ കുട്ടികളേയും അക്കാദമിക-അക്കാദമികേതര പ്രവർത്തനങ്ങളിലും മുൻപന്തിയിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ പുതിയ അക്കാദമിക വർഷത്തിൽ തുടങ്ങിക്കഴിഞ്ഞു.

എല്ലാവർക്കും വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുള്ള ഉൾച്ചേർന്ന വിദ്യാഭ്യാസം പ്രവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിനു കഴിയുന്നു .സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സഹായത്തോടു കൂടി ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പാഠ്യഭാഗവുമായി ബന്ധപ്പെടുത്തി പ്രത്യേക അനുരൂപീകരണ ക്ലാസുകൾ നൽകി വരുന്നു .

കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ സഹായത്തോടുകൂടി നമ്മുടെ സ്കൂളിൽ സയൻസ് ,ടെക്നോളജി ,റോബോട്ടിക്സ് ,എൻജിനീയറിങ് ,ആർട്സ് ,മാത്സ് എന്നീ മേഖലകളിൽ പ്രവർത്തനാധിഷ്ഠിതമായ പരിശീലനം നൽകുന്നതിനുള്ള STREAM HUB പ്രവർത്തിക്കുന്നു .സ്ട്രീം ഹബ്ബിൽ ഏറ്റവും നൂതനമായ 3D പ്രിന്റിങ് ഉൾപ്പടെയുള്ള സാങ്കേതിക പരിജ്ഞാനം ലഭ്യമാക്കുന്നതിന് നമ്മുടെ സ്കൂളിലെ കുട്ടികളോടൊപ്പം സബ് ജില്ലയിലെ മറ്റ് സ്കൂളുകളിലെ കുട്ടികൾക്കും അവസരം ലഭിക്കുന്നുണ്ട് .അക്കാദമിക രംഗത്തെ നമ്മുടെ മികവിന് കാരണം ചിട്ടയായ ആസൂത്രണവും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. സമഗ്ര ഗുണമേന്മാ വർഷത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നതിന് PTA യുടെ ഇടപെടലും ജനപ്രതിനിധികൾ ,ജില്ലാ പഞ്ചായത്ത് ,പൂർവ വിദ്യാർത്ഥികൾ ,നാട്ടുകാർ തുടങ്ങിയവരുടെ പൂർണമായ സഹകരണം ഉറപ്പു വരുത്തുവാൻ കഴിയുന്നകൂടുതൽ ഗുണപരമായ  പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്ന തരത്തിലാണ്  ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയാറാക്കിയിട്ടുള്ളത്. ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റുവാനും നമുക്ക് സാധിക്കേണ്ടതായിട്ടുണ്ട്.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവൺമെന്റ് വി എച്ച് എസ് എസ് ചുനക്കര |
| വിലാസം | : | ചുനക്കരപിഒ,ചുനക്കര,മാവേലിക്കര 690534 |
| ഫോൺ | : | 04792378017 |
| സ്കൂൾ കോഡ് | : | 36013 |
| വിദ്യാഭ്യാ ജില്ല | : | മാവേലിക്കര |
| വിദ്യാഭ്യാസ ഉപജില്ല | : | മാവേലിക്കര |
| റവന്യൂ ജില്ല | : | ആലപ്പുഴ |
| ബി ആർ സി | : | മാവേലിക്കര |
| സി ആർ സി | : | ചുനക്കര |
| ഗ്രാമപഞ്ചായത്ത് | : | ചുനക്കര (മൂന്നാം വാർഡ് ) |
| ബ്ലോക്ക് പഞ്ചായത്ത് | : | ഭരണിക്കാവ് |
| ജില്ലാ പഞ്ചായത്ത് | : | ആലപ്പുഴ |
| നിയമസഭാ മണ്ഡലം | : | മാവേലിക്കര |
| ലോക്സഭാ മണ്ഡലം | : | മാവേലിക്കര |
| താലൂക്ക് | : | മാവേലിക്കര |
| വില്ലേജ് | : | ചുനക്കര |
| ഇ-മെയിൽ | : | 36013alappuzha@gmail.com |
| സ്കൂൾ വിക്കി | : | https://schoolwiki.in/36013 |
| സ്കൂൾ ബ്ലോഗ് | : | Govt.vhsschunakkrablogspot.com |
| സ്കൂൾ റേഡിയോ | : | gvhsschunakkara zenofm |
| സ്കൂൾ യൂട്യൂബ്ചാനൽ | : | Gvhss Chunakkara |
| സ്കൂൾ ഫേസ്ബുക്ക് പേജ് | : | Gvhss Chunakkara HS |
| സ്കൂൾ ഇൻസ്റ്റാഗ്രാം പേജ് | : | gvhsschunakkara |

# സ്കൂൾ ചരിത്രം

ആലപ്പുഴ ജില്ലയുടെ തെക്കുകിഴക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന പ്രകൃതിരമണീയമായ ഒരു ഗ്രാമമാണ് ചുനക്കര. ഈ ഗ്രാമത്തിന്റെ കിഴക്കേ അറ്റത്തായി തിലകക്കുറി എന്നോണം സ്ഥിതിചെയ്യുന്ന പൊതു വിദ്യാലയമാണ് ചുനക്കര ഗവൺമെൻറ് വൊക്കേഷനൽ ഹയർസെക്കൻഡറി സ്കൂൾ .കാർഷിക സാംസ്കാരിക നവോത്ഥാനത്തിന് ചാലകശക്തിയായി കഴിഞ്ഞ ഏഴ് പതിറ്റാണ്ടായി ഈ സ്കൂൾ സ്തുത്യർഹമായ സേവനം നൽകി പോരുന്നു.ചുനക്കര എന്ന ഉൾനാടൻ ഗ്രാമത്തിൽ ഒരു സ്കൂൾ സ്വപ്നം കാണാൻ കൂടി കഴിയാതിരുന്ന കാലത്ത് ഉൽപതിഷ്ണുക്കളും ദീർഘദർശികളും ആയിരുന്ന ഒരുപറ്റം നാട്ടുകാരുടെ അക്ഷീണ പരിശ്രമത്തിലൂടെയാണ് ചുനക്കര ഹൈസ്കൂൾ യാഥാർഥ്യമായത് .ഒരു ഹൈസ്കൂൾ സ്ഥാപിക്കുന്നതിന് നിഷ്കർഷിക്കപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ചുനക്കരയിൽ ലഭ്യമല്ലായിരുന്ന അവസരത്തിൽ ചുനക്കര കിഴക്കേ മുറിയിലെ 106 ാം നമ്പർ എൻഎസ്എസ് കരയോഗം തങ്ങളുടെ കൈവശമുണ്ടായിരുന്ന 6 ഏക്കർ ഭൂമിയും ആ ആ സ്ഥലത്തുണ്ടായിരുന്ന നെയ്ത്തുശാല കെട്ടിടവും സ്കൂൾ സ്ഥാപിക്കുന്നതിനായി വിട്ടു കൊടുക്കാൻ തയ്യാറായി .ഇല്ലത്ത് നാരായണൻ ഉണ്ണിത്താൻ എൻ.എസ്.എസ് കരയോഗം പ്രസിഡന്റ് ആയ സമിതിയാണ് ഈ തീരുമാനമെടുത്തത് .തുടർന്ന് നിയമസഭാംഗമായിരുന്ന കൊച്ചിക്കൽ ബാലകൃഷ്ണൻ തമ്പിയുടെ സഹായത്തോടെ സർക്കാരിനെ തീരുമാനം അറിയിക്കുകയും അങ്ങനെ ഹൈസ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു . 1950 ൽ സ്കൂളിൻറെ പ്രവർത്തനം ആരംഭിച്ചു. ഘട്ടംഘട്ടമായി മൂന്നുവർഷംകൊണ്ട് ഹൈസ്കൂൾ പൂർണ്ണ നിലയിൽ തുടങ്ങി.ഈ കാലയളവിൽ നാട്ടുകാർ മുൻകൈയെടുത്ത് മറ്റൊരു കെട്ടിടം കൂടി പണിതു നൽകി.

സ്കൂളിലെ ആദ്യ ഹെഡ്മാസ്റ്റർ വെണ്മണി കൃഷ്ണവാര്യർ സാർ ആയിരുന്നു. കാലക്രമേണ കുട്ടികളുടെ എണ്ണം വർദ്ധിച്ചതോടെ കൂടുതൽ ഡിവിഷനു കളും അനുവദിച്ചു അതിനനുസരിച്ച് സൗകര്യങ്ങൾ വർധിപ്പിച്ചു.കുട്ടികളുടെ എണ്ണം വർദ്ധിച്ചതോടെ കൂടുതൽ ഡിവിഷനുകളും വർദ്ധിച്ചു. 1958 ൽഅധ്യാപകർക്കായി ഒരു ക്വാർട്ടേഴ്സ് നിർമ്മിച്ചു. 1975 സ്കൂളിൻറെ രജത ജൂബിലിയോടനുബന്ധിച്ച് ഒരു തുറന്ന വേദി നിർമിച്ചു. നല്ലവരായ നാട്ടുകാരുടെയും വിവിധ സാമൂഹ്യ സന്നദ്ധ

സംഘടനകളുടെയും ഏകോപിതമായ പ്രവർത്തനങ്ങളിലൂടെയും കെട്ടിടങ്ങൾ അടക്കമുള്ള ഭൗതികസാഹചര്യം പടിപടിയായി ഒരുക്കുവാൻ സാധിച്ചു .ഫണ്ട് സ്വരൂപിക്കുന്നതിനായി തങ്ങളുടെ പ്രശസ്തമായ കടന്നൽകൂട് എന്ന നാടകം സൗജന്യമായി അവതരിപ്പിക്കുവാൻ സന്മനസ്സ് കാട്ടിയ കൊല്ലം കാളിദാസ കലാകേന്ദ്രത്തോടുള്ള കടപ്പാട് വിസ്മരിക്കാൻ കഴിയുന്നതല്ല.

1974 നാട്ടുകാരുടെയും അധ്യാപകരുടെയും അഭ്യുദയകാംക്ഷികളുടെയും അക്ഷീണ പ്രയതത്താൽ ശ്രമദാനത്തിലൂടെ ഉണ്ടാക്കിയെടുത്ത സ്കൂൾ മൈതാനം ജില്ലയിലെ സ്കൂളുകൾക്ക് മാതൃകയാണ് .1997 ൽഎസ് രാമചന്ദ്രൻപിള്ള എംപിയുടെ വികസന ഫണ്ടിൽ നിന്നും ചുറ്റുമതിൽ ഉണ്ടാക്കി .2011 ആർ രാജേഷ് എംഎൽഎ യുടെ വികസന ഫണ്ടിൽ നിന്നും അനുവദിച്ച പണം ഉപയോഗിച്ച് സ്കൂൾ ബസ് വാങ്ങി യത് കുട്ടികൾക്ക് ഏറെ അനുഗ്രഹമായി .

1995 ൽ ബാങ്കിംഗ് അസിസ്റ്റൻറ് കൺസ്ട്രക്ഷൻ കോഴ്സുകളുടെ വൊക്കേഷണൽ ഹയർസെക്കൻഡറി വിഭാഗം ആരംഭിച്ചു .1997 ഡേറ്റാ എൻട്രി കമ്പ്യൂട്ടർ സയൻസ് കോഴ്സ് അനുവദിച്ചു .സയൻസ് വിഭാഗങ്ങൾ രണ്ടു ബാച്ചും ഒരു കൊമേഴ്സ് വാച്ചുമായി രണ്ടായിരത്തിൽ പ്ലസ് ടു ആരംഭിച്ചു .യുപി, ഹൈസ്കൂൾ ,വിഎച്ച്എസ് ഇ വിഭാഗങ്ങളിലായി 5 മുതൽ 12 വരെ ക്ലാസ്സുകളിൽ ഇപ്പോൾ ആയിരത്തി മുന്നൂറോളം കുട്ടികൾ സ്കൂളിൽ പഠിക്കുന്നുണ്ട് 75 ഓളം അധ്യാപകരും 6 അനദ്ധ്യാപകരും ഇവിടെ പ്രവർത്തിച്ചു വരുന്നു.ഹൈസ്കൂൾ ,വിഎച്ച്എസ്ഇ, പ്ലസ് ടു എന്നീ മൂന്ന് വിഭാഗങ്ങൾ പ്രവർത്തി ക്കുന്ന അപൂർവവിദ്യാലയങ്ങളിലൊന്നാണ് ചുനക്കര ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ.

ചുനക്കരയിലെ രാഷ്ട്രീയ സാമൂഹിക വളർച്ചയ്ക്ക് നിസ്തുല സംഭാവന നൽകിയ ധാരാളം മഹദ് വ്യക്തികളുടെ മാതൃവിദ്യാലയം ആണിത് .പുരോഗമന കലാസാഹിത്യ പ്രസ്ഥാനത്തിൻറെ നെടുംതൂണും, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ജേതാവുമായ പ്രൊഫസർ പ്രയാർ പ്രഭാകരൻ, അധ്യാപകൻ, വാഗ്മി ,സാംസ്കാരിക പ്രവർത്തകൻ എന്നീ നിലകളിൽ പ്രസിദ്ധനായ ചുനക്കര ജനാർദ്ദനൻ, ചുനക്കരയെ സിനിമാ ലോകത്തിന് പരിചയപ്പെടുത്തിയ പ്രശസ്ത സിനിമാ ഗാനരചയിതാവും കവിയുമായ ചുനക്കര രാമൻകുട്ടി എന്നിവർ ചുനക്കരയെ നമ്മുടെ സാംസ്കാരിക

മണ്ഡലത്തിൽ ഉയർത്തിപ്പിടിച്ചവരാണ്. അധ്യാപകനും, ഗ്രന്ഥകാരനും കോഴിക്കോട് സർവ്വകലാശാലയുടെ പ്രോ വൈസ് ചാൻസലറും ,യു ജി സിയുടെ കീഴിലുള്ള നാഷണൽ അസിസ്റ്റൻറ് അക്രഡിറ്റേഷൻ കൗൺസിലിൻറെ (NAAC) ചെയർമാനുമായിരുന്നു സി ഗോപിനാഥൻപിള്ള, തിരുവനന്തപുരം ആർസിസി യിലെ പബ്ലിക് റിലേഷൻസ് വിഭാഗം മേധാവിയായിരുന്ന സുരേന്ദ്രൻ ചുനക്കര ,മലയാള സാഹിത്യകാരനും പ്രസംഗകനുമായ ജയപ്രസാദ് ,ചരിത്രകാരനും സൗത്ത് ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസിലെ അംഗവുമായ ഡോക്ടർ വേണുഗോപൻ, ഇന്ത്യൻ ലോ ഇൻസ്റ്റ്യൂട്ട് ന്യൂഡൽഹി ഡയറക്ടറും നാഷണൽ ജുഡീഷ്യൽ അക്കാദമി ഡയറക്ടർ ഗ്രന്ഥകാരനും കൂടിയായ ഡോക്ടർ കെ എം ചന്ദ്രശേഖരൻ പിള്ള ,വിദ്യാഭ്യാസ പ്രവർത്തകൻ ,മെഡിക്കൽ എൻസൈക്ലോപീഡിയ ,ചിൽഡ്രൻസ് എൻസൈക്ലോപീഡിയ എന്നിവയുടെ പിന്നിൽ പ്രവർത്തിച്ച എഴുത്തുകാരൻ ,ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് അസിസ്റ്റൻറ് ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള ചുനക്കര ഗോപാലകൃഷ്ണൻ ,പ്രസിദ്ധ നാടൻപാട്ട് കലാകാരൻ സത്യൻ കോമല്ലൂർ ,മാവേലിക്കര എം എൽ എ- എം എസ് അരുൺകുമാർ എന്നിവർ ഈ സരസ്വതീ ക്ഷേത്രത്തിൽ നിന്നും വിദ്യാഭ്യാസം നേടിയവരാണ് .

തുടക്കത്തിൽ 40 ശതമാനം മാത്രം വിജയം കൈവരിച്ച വന്ന സ്കൂൾ പടിപടിയായി അർപ്പണ മനോഭാവമുള്ള ഒരു കൂട്ടം അധ്യാപകരുടെയും ജനപ്രതിനിധികളുടെയും പിടിഎയുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി 100 ശതമാനം വിജയം കൈവരിച്ചു വരുന്നു അക്കാദമികേതര പ്രവർത്തനങ്ങളിൽ കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി ആലപ്പുഴ ജില്ലയിലെ മികച്ച സ്കൂളുകളിലൊന്നായി പ്രവർത്തിച്ചുവരുന്ന ഈ സ്കൂളിന് ഈ മേഖലകളിൽ ധാരാളം അംഗീകാരങ്ങളും പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട് .വൊക്കേഷണൽ ഹയർസെക്കൻഡറി വിഭാഗത്തിൽ എൻഎസ്എസിന് ഇന്ത്യൻ രാഷ്ട്രപതിയിൽനിന്ന് ദേശീയ അവാർഡും ലഭിച്ചു .കാലത്തിൻറെ തിരുനെറ്റിയിൽ ചരിത്രം അടയാളപ്പെടുത്തിയ വിദ്യാലയമാണ് ചുനക്കര ഗവൺമെൻറ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ.

# നിലവിലെ അവസ്ഥാ വിശകലനം

## ഭൗതിക സാഹചര്യങ്ങൾ

ആറ് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. യു പി ഹൈസ്കൂൾ വിഭാഗങ്ങളിലായി സ്കൂളിന് 8 കെട്ടിടങ്ങളിലായി 19 ക്ലാസ് മുറികളും ഹയർ സെക്കന്ററിക്ക് 2 കെട്ടിടങ്ങളിലായി 8 ക്ലാസ് മുറികളും വൊക്കേഷണൽ ഹയർ സെക്കന്ററിക്ക് 2 കെട്ടിടങ്ങളിലായി 6 ക്ലാസ്സ്മുറികളുമുണ്ട് . ഒരു പ്രകൃതി സൗഹാർദ്ദ കാമ്പസ് വിദ്യാലയത്തിനുണ്ട്. ചുറ്റും മരങ്ങളാൽ ചുറ്റപ്പെട്ട സ്കൂൾ പ്രദേശത്തിരുന്നു കുട്ടികൾക്ക് പ്രകൃതിയോട് സംവദിച്ചുകൊണ്ടുതന്നെ വിദ്യ അഭ്യസിക്കാം. കുട്ടികൾക്ക് ഇരുന്നു പഠിക്കാൻ പ്രത്യേകം തയ്യാറാക്കിയ ഉദ്യാനവും ഇവിടെ ഉണ്ട്.ലൈബ്രറി,സയൻസ് ലാബ്,ഐ റ്റി ലാബ് ,സ്മാർട്ട് ക്ലാസ് റൂം എന്നിവ സ്കൂളിൽ പ്രവർത്തന സജ്ജമാണ് .ഇതു കൂടാതെ മെച്ചപ്പെട്ട ജല വിതരണ സംവിധാനവും ടോയ്‌ലറ്റ് സൗകര്യവും വിദ്യാലയത്തിനുണ്ട്. അതിവിശാലമായ നൂൺ മീൽ ബ്ളോക്ക് നിർമ്മാണഘട്ടത്തിലാണ് .കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ സഹായത്തോടുകൂടി നമ്മുടെ സ്കൂളിൽ സയൻസ് ,ടെക്നോളജി ,റോബോട്ടിക്സ് ,എൻജിനീയറിങ് ,ആർട്സ് ,മാത്സ് എന്നീ മേഖലകളിൽ പ്രവർത്തനാധിഷ്ഠിതമായ പരിശീലനം നൽകുന്നതിനുള്ള STREAM HUB പ്രവർത്തിക്കുന്നു.ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. രണ്ട് ലാബുകളിലുമായി ഏകദേശം അമ്പതോളം കമ്പ്യൂട്ടറുകളുണ്ട് .എല്ലാ ക്ലാസ് മുറികളിലും വൈദ്യുതി സൗകര്യമുണ്ട്.സ്കൂളിന് അതി വിശാലമായ ഒരു കളിസ്ഥലം ഉണ്ട്.ആധുനിക രീതിയിൽ 10 ലക്ഷത്തിലധികം രൂപാ ചെലവഴിച്ച് സ്കൂൾ മൈതാനത്തെ ഒരു മിനി സ്റ്റേഡിയമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ഈ അക്കാദമിക വർഷം ഏറ്റെടുത്തു നടത്തിവരുന്നു. ഹൈസ്കൂളിന്റെ നിലവിൽ ഉപയോഗശൂന്യമായിരുന്ന കെട്ടിടം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഇതര ഗവണ്മെന്റ് വകുപ്പുകളുടെ അനുമതിയോടും കൂടി പൊളിച്ചു നീക്കി അത്യാധുനിക സൗകര്യങ്ങളോടു കൂടിയ പുതിയ ബഹുനില കെട്ടിടത്തിന്റെ നിർമാണപ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കുകയാണ്. . കായികരംഗത്ത് താല്പര്യം ഉള്ള കുട്ടികൾക്ക് എല്ലാ വിധ പരിശീലനവും നൽകുന്നുണ്ട്.

# പഠന -പഠനേതര പ്രവർത്തനങ്ങൾ

ചുനക്കരയുടെ വിദ്യാഭ്യാസ സാംസ്കാരിക പുരോഗതിയിൽ വഴിവിളക്കായി നിൽക്കുന്ന ഗവൺമെൻറ് വൊക്കേഷനൽ ഹയർസെക്കന്ററി സ്കൂൾ സാമൂഹികദൗത്യം നിറവേറ്റുന്നതിൽ സദാ ജാഗരൂകമാണ് .കഴിഞ്ഞ വർഷങ്ങളിലെ പ്രവർത്തനങ്ങൾ സ്കൂളിന് നാടിനും അഭിമാനകരമാണ്. പാഠ്യ - പാഠ്യേതര രംഗങ്ങളിലെ മികവിന്റെ ദിനങ്ങളിലൂടെ ആണ് സ്കൂൾ കടന്നുപോയത്.പഠന പ്രവർത്തനങ്ങളോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലും നമ്മുടെ സ്കൂളിലെ കുട്ടികൾ മികവ് പുലർത്തുന്നുണ്ട് .

## പാഠ്യേതര പ്രവർത്തനങ്ങൾ

•വിദ്യാരംഗം
•എൻ സി സി
•ലിറ്റിൽ കൈറ്റ്സ്
•എൻ എസ്എസ്
•സ്കൗട്ട് ആൻഡ് ഗൈഡ്സ്
•എസ് പി സി
•ജൂനിയർ റെഡ് ക്രോസ്
•സീഡ് ക്ലബ്ബ്
•സയൻസ് ക്ലബ്ബ്
•ഗണിത ക്ലബ്ബ്
•സോഷ്യൽ സയൻസ് ക്ലബ്ബ്
•സ്പോർട്സ് ക്ലബ്ബ്
•YIP ക്ലബ്
•ടീൻസ് ക്ലബ്
•വിമുക്തി ക്ലബ്
• എക്കോ ക്ലബ്
•ഹെൽത്ത് ക്ലബ്

# സാമൂഹ്യ സേവനങ്ങൾ

എച്ച്എസ്,എച്ച്എസ്എസ് , വിഎച്ച്എസ്എസ് വിഭാഗം NSS,NCC,SPC,SCOUTS & GUIDES,JRC,LITTLE KITES, വിവിധ ക്ലബുകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ നേത്രചികിത്സാ ക്യാമ്പ് ,തിമിരശസ്ത്രക്രിയാ ക്യാമ്പ്, രക്തദാനക്യാമ്പ് ,കൃഷിക്കൂട്ടം പ്രവർത്തനങ്ങൾ, ഫുഡ്ഫെസ്റ്റ്, ജീവകാരുണ്യപ്രവർത്തനങ്ങൾ എന്നിങ്ങനെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾ നടക്കുന്നു .സീഡ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പേപ്പർ ബാഗുകൾ നിർമിച്ച് സീഡ് ക്ലബ് അംഗങ്ങൾ സമീപപ്രദേശത്തെ കടകളിൽ നൽകി പരിസ്ഥിതി സംരക്ഷണത്തിൽ വലിയൊരു പങ്ക് വഹിക്കുന്നു .കൂടാതെ സ്കൂളിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് ഹരിതകർമസേനയ്ക്ക് കൈമാറുന്നു .സ്കൂളിലെ പൂർവ വിദ്യാർഥികളും അധ്യാപകരും ഒത്തുകൂടുന്ന വിദ്യാർത്ഥി സംഗമവും ഗുരുവന്ദനവും അവിസ്മരണീയമായ അനുഭവമാണ് തരുന്നത്.കൂടാതെ താഴെ പറയുന്ന പ്രവർത്തനങ്ങളും നടത്തി വരുന്നു.

- സ്കൂൾ പരിസര ശുചീകരണം.
- സ്കൂൾ അനുബന്ധ പ്രദേശങ്ങളിലെ ഭവന സന്ദർശനം നടത്തി ബോധവൽക്കരണം
- പ്രധാന്യമുള്ള ദിനാചരണങ്ങൾ ബഹുജന പങ്കാളിത്തോടെ നടപ്പാക്കൽ .
- രോഗികൾക്ക് ചികിത്സാ സഹായം
- രക്ഷകർത്താക്കൾക്കായി ബോധവത്കരണ ക്ലാസുകൾ
- രക്ഷകർത്താക്കൾക്കായി കമ്പ്യൂട്ടർ സാക്ഷരതാ പദ്ധതി

# മറ്റനുബന്ധ സൗകര്യങ്ങൾ

•വാഹന സൗകര്യം.
•വി എച്ച് എസ് സി വിഭാഗത്തിന് വർക് ഷോപ്പ് റൂം.
•ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം.
•കുട്ടികൾക്ക് കൗൺസിൽ സേവനങ്ങൾ നൽകുന്നതിനായി സൈക്കോ സോഷ്യൽ കൗൺസിലിംഗ് പദ്ധതി.
•വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് ക്ലാസ്.
•മത്സര പരീക്ഷകൾക്ക് വേണ്ടിയുള്ള പരിശീലനം

# മികവുകൾ

- ഹയർ സെക്കന്ററി പരീക്ഷയിൽ മുഴുവൻ മാർക്കും നേടി സംസ്ഥാനതലത്തിൽ ഒന്നാമതായുള്ള വിജയം
- SSLC പരീക്ഷകളിൽ മാവേലിക്കര വിദ്യാഭ്യാസ ഉപജില്ലയിൽ തുടർച്ചയായ 100% വിജയത്തോടൊപ്പം ഏറ്റവും കൂടുതൽ ഫുൾ എപ്ലസുകൾ നേടിയ വിദ്യാലയം
- USS, NMMS പരീക്ഷകളിൽ ഉന്നത വിജയം.
- മാത്സ് & സയൻസ് ടാലന്റ് സെർച്ച് പരീക്ഷകളിൽ മികച്ച വിജയം
- സംസ്ഥാന, ഉപജില്ലാ, ജില്ലാതല ശാസ്ത്ര-കായിക മത്സരങ്ങളിലെ സ്ഥിര സാന്നിദ്ധ്യം
- സംസ്ഥാനതല ലിറ്റിൽ കൈറ്റ്സ് ക്യാമ്പിലെ സ്ഥിര പങ്കാളിത്തം
- സ്കൂൾ വിക്കി പുരസ്കാരം 2022 സംസ്ഥാന തലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട വിദ്യാലയം
- മാവേലിക്കര BRC യിൽ STREAM HUB അനുവദിക്കപ്പെട്ട ഏക വിദ്യാലയം
- ആലപ്പുഴ ജില്ലയിൽ Gender Neutral Uniform ആദ്യമായി നടപ്പിലാക്കിയ സ്കൂൾ
- PLUS TWO,VHSE പരീക്ഷകളിൽ ഏറ്റവും കൂടുതൽ എ പ്ലസുകൾ നേടിയുള്ള വിജയം.
- ഹൈടെക് സ്കൂൾ അംഗീകാരം

# 2025-26 അധ്യയന വർഷത്തെ വിദ്യാർത്ഥികളുടെ എണ്ണം

## UP & HS

| ആറാം അദ്ധ്യയനദിനം 2025-26 | | | | | | | | | | | | | | | | | | | | | | | | | School Code : 36013 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വിദ്യാർഥികളുടെ എണ്ണം | | | | | | | | | | | | | | | | | | | | | | | | | |
| | | All | | | SC | | | ST | | | MUSLIM | | | OTHER MINORITY | | | OBC | | | APl | | | BPL | | |
| Class | Divs | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total |
| **5** | **2** | 20 | 15 | 35 | 6 | 4 | 10 | 0 | 0 | 0 | 2 | 0 | 2 | 1 | 3 | 4 | 7 | 6 | 13 | 4 | 8 | 12 | 16 | 7 | 23 |
| **6** | **1** | 11 | 18 | 29 | 5 | 8 | 13 | 0 | 0 | 0 | 0 | 2 | 2 | 0 | 0 | 0 | 4 | 7 | 11 | 4 | 5 | 9 | 7 | 13 | 20 |
| **7** | **2** | 27 | 18 | 45 | 7 | 7 | 14 | 0 | 0 | 0 | 0 | 0 | 0 | 4 | 2 | 6 | 11 | 6 | 17 | 8 | 6 | 14 | 19 | 12 | 31 |
| **8** | **4** | 68 | 50 | 118 | 27 | 8 | 35 | 0 | 0 | 0 | 2 | 3 | 5 | 4 | 3 | 7 | 14 | 21 | 35 | 25 | 22 | 47 | 43 | 28 | 71 |
| **9** | **4** | 56 | 67 | 123 | 12 | 18 | 30 | 0 | 0 | 0 | 5 | 2 | 7 | 4 | 4 | 8 | 14 | 19 | 33 | 30 | 28 | 58 | 26 | 39 | 65 |
| **10** | **4** | 85 | 52 | 137 | 25 | 10 | 35 | 0 | 0 | 0 | 4 | 5 | 9 | 5 | 2 | 7 | 29 | 16 | 45 | 42 | 18 | 60 | 43 | 34 | 77 |
| Total | | 267 | 220 | 487 | 82 | 55 | 137 | 0 | 0 | 0 | 13 | 12 | 25 | 18 | 14 | 32 | 79 | 75 | 154 | 113 | 87 | 200 | 154 | 133 | 287 |

| മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | Malayalam | | | English | | | Tamil | | | Kannada | | | ALL | | |
| STD | Boys | Girls | Total | Boys | Girls | Total | Boys | Girls | Total | Boys | Girls | Total | Boys | Girls | Total |
| **5** | 5 | 1 | 6 | 15 | 14 | 29 | 0 | 0 | 0 | 0 | 0 | 0 | 20 | 15 | 35 |
| **6** | 2 | 4 | 6 | 9 | 14 | 23 | 0 | 0 | 0 | 0 | 0 | 0 | 11 | 18 | 29 |
| **7** | 2 | 3 | 5 | 25 | 15 | 40 | 0 | 0 | 0 | 0 | 0 | 0 | 27 | 18 | 45 |
| **8** | 3 | 3 | 6 | 65 | 47 | 112 | 0 | 0 | 0 | 0 | 0 | 0 | 68 | 50 | 118 |
| **9** | 7 | 9 | 16 | 49 | 58 | 107 | 0 | 0 | 0 | 0 | 0 | 0 | 56 | 67 | 123 |
| **10** | 6 | 8 | 14 | 79 | 44 | 123 | 0 | 0 | 0 | 0 | 0 | 0 | 85 | 52 | 137 |
| Total | 25 | 28 | 53 | 242 | 192 | 434 | 0 | 0 | 0 | 0 | 0 | 0 | 267 | 220 | 487 |

# HIGHER SECONDARY

| COURSE | FIRST YEAR | | | SECOND YEAR | | |
|---|---|---|---|---|---|---|
| | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL |
| BIO -SCIENCE | 34 | 66 | 100 | 40 | 61 | 101 |
| COMPUTER SCIENCE | 32 | 11 | 43 | 33 | 10 | 43 |
| COMMERCE | 9 | 18 | 27 | 13 | 9 | 22 |

# VOCATIONAL HIGHER SECONDARY

| COURSE | FIRST YEAR | | | SECOND YEAR | | |
|---|---|---|---|---|---|---|
| | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL |
| DCW (Draughtsperson Civil Works) | 22 | 4 | 26 | 13 | 5 | 18 |
| WDE (Web Developer) | 21 | 4 | 25 | 21 | 2 | 23 |
| BCF (Business Correspondent Facilitator) | 17 | 7 | 24 | 17 | 7 | 24 |

# STAFF DETAILS 2025-26

## HIGH SCHOOL

| Sl No. | NAME | DOB | PEN | DESIGNATION |
|---|---|---|---|---|
| 1 | AJITHA R | 31/05/1970 | 333503 | HEADMISTRESS |
| 2 | JAYARADHA KUMARI C | 07/05/1986 | 967692 | HST PHYSICAL SCIENCE |
| 3 | JASNA ISMAIL | 17/05/1985 | 849500 | HST PHYSICAL SCIENCE |
| 4 | SANDHYA S | 17/11/1986 | 914140 | HST PHYSICAL SCIENCE |
| 5 | JAYASREE S | 18/12/1973 | 596042 | HST NATURAL SCIENCE |
| 6 | REMY BALAN | 17/09/1979 | 321194 | HST NATURAL SCIENCE |
| 7 | BIJI S | 01/05/1986 | 839489 | HST MATHEMATICS |
| 8 | ASHIKHA A | 01/05/1978 | 711894 | HST MATHEMATICS |
| 9 | HYMALETHA | 16/04/1981 | 972462 | HST MATHEMATICS |
| 10 | SHEENA R S | 31/05/1987 | 1009130 | HST SOCIAL SCIENCE |
| 11 | LATHIKA K G | 14/01/1980 | 841536 | HST SOCIAL SCIENCE |
| 12 | PRAMOD P | 17/04/1980 | 530866 | HST ENGLISH |
| 13 | SHEEJI P | 30/05/1975 | 678974 | HST ENGLISH |
| 14 | JOSEPH GEORGE | 26/05/1979 | 732603 | HST MALAYALAM |
| 15 | BINU L | 20/05/1982 | 835859 | HST MALAYALAM |
| 16 | RESHMY NATH R | 02/05/1986 | 835106 | HST MALAYALAM |
| 17 | MONICA S | 20/04/1988 | 992880 | HST HINDI |
| 18 | DEEPA B K | 31/0/1986 | 992870 | HST HINDI |
| 19 | A REKHA KUMARY | 01/05/1972 | 320681 | PHYSICAL EDU. TEACHER(HS) |
| 20 | JEENA B | 17/05/1982 | 757184 | UPST |
| 21 | RAMYA R | 01/05/1985 | 912782 | UPST |
| 22 | SANTHINI L | 19/05/1989 | 833668 | UPST |
| 23 | SETHU R LAKSHMY | 11/05/1982 | 706512 | UPST |
| 24 | RESMI S | 20/05/1982 | 675362 | UPST |
| 25 | ANASWARA GHOSH A V | 23/05/1985 | 876451 | Clerk |
| 26 | SOUMYA | 19/01/1991 | 945905 | OFFICE ATTENDANT |
| 27 | DIVYA R NAIR | 30/05/1986 | 881669 | OFFICE ATTENDANT |
| 28 | SUNIL KUMAR T | 28/04/1973 | 805915 | FULL TIME MENIAL |

# HIGHER SECONDARY

| Sl No. | NAME | DOB | PEN | DESIGNATION |
|---|---|---|---|---|
| 1 | SAJI J | 17/05/1971 | 451529 | PRINCIPAL |
| 2 | PRASANTH G | 12/05/1975 | 399565 | HSST ZOOLOGY |
| 3 | SANTHI VARGHESE | 30/05/1970 | 410589 | HSST HINDI |
| 4 | SUNI L | 30/05/1976 | 399096 | HSST BOTANY |
| 5 | SMITHA P S | 14/05/1975 | 530786 | HSST CHEMISTRY |
| 6 | HARI L | 30/04/1974 | 461599 | HSST COMMERCE |
| 7 | SIYAD S | 11/04/1991 | 943907 | HSST COMMERCE |
| 8 | DEEPA V | 30/05/1979 | 399092 | HSST PHYSICS |
| 9 | ANJALI C | 25/05/1978 | 461601 | HSST COMP.SCIENCE |
| 10 | SINDHU G | 05/03/1975 | 450011 | HSST ENGLISH |
| 11 | JAYASRI M | 08/02/1970 | 494419 | HSST ENGLISH |
| 12 | KANIMOL M K | 25/05/1971 | 495761 | HSST MALAYALAM |
| 13 | GALEELI EDWARD | 31/05/1979 | 451679 | HSST ECONOMICS |
| 14 | JESY V S | 20/05/1976 | 398842 | HSST MATHS |
| 15 | SHAILA E J | 05/05/1972 | 362376 | HSST MATHS |
| 16 | KRISHNADAS P R | 27/12/1981 | 462753 | LAB ASSISTANT |
| 17 | ANIL KUMAR J | 14/05/1974 | 543412 | LAB ASSISTANT |

# VOCATIONAL HIGHER SECONDARY

| Sl No. | NAME | DOB | PEN | DESIGNATION |
|---|---|---|---|---|
| 1 | SREEJITH P S | 30/05/1979 | 514304 | VOC.TEACHER BANK.ASSISTANT |
| 2 | BINDU THANKAPPAN | 04/05/1976 | 393169 | VOC.INSTRUCTOR BANK.ASSISTANT |
| 3 | AMRUTHA NANDINI I | 02/09/1978 | 571420 | VOC.TEACHER COMMERCE |
| 4 | SHIBU J JOHNSON | 04/05/1976 | 393169 | VOC. INSTRUCTOR COMP.SCIE |
| 5 | LEKSHMI T R | 30/05/1985 | 788781 | VOC. TEACHER COMP. SCIE |
| 6 | ANISHA P M | 04/12/1981 | 633700 | VOC. TEACHER CCM |
| 7 | MANJU M K | 17/05/1972 | 415370 | NON VOC. TEACHER MATHS |
| 8 | JAFEESH J | 30/05/1978 | 415371 | NON VOC. TEACHER PHYSICS |
| 9 | SINDHU P | 20/10/1978 | 392260 | NON VOC. TEACHER CHEMISTRY |
| 10 | GANGA D | 10/03/1979 | 393118 | NON VOC. TEACHER ED |
| 11 | SIJIN LAL P M | 10/05/1984 | 414683 | LAB TECHNICAL ASSISTANT CCM |
| 12 | SUNITHA K | 11/04/1982 | 673148 | LAB TECHNICAL ASSISTANT BANKING |
| 13 | DEEPA M S | 21/12/1977 | 434106 | LAB TECHNICAL ASSISTANT CS |
| 14 | ANUPAMA S | 05/05/1985 | 882281 | CLERK |
| 15 | AKSHAY KUMAR A S | 20/01/2000 | 962612 | OFFICE ATTENDANT |

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക
7. ക്ലാസ്സ് തല വായന മൂല ,സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക .
8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക .

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്‌വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപ്രദമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5. ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

# സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയിലൂടെ കൈവരിക്കേണ്ട അക്കാദമിക നേട്ടങ്ങൾ

- ഈ അക്കാദമിക  വർഷം സമഗ്ര ഗുണമേന്മാ വർഷമായി പരിഗണിച്ചു കൊണ്ട് പാഠപുസ്തക വിവരങ്ങൾ കുട്ടിയുടെ ചിന്താമണ്ഡലത്തിൽ ചിന്തയുടെ സ്ഫുരണങ്ങൾ സൃഷ്ടിക്കത്തക്ക തരത്തിലുള്ള ക്ലാസ്സ്തല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത്, ജീവിതം കെട്ടിപ്പടുക്കുക എന്ന പഠനലക്ഷ്യത്തിലേക്ക് കുട്ടിയെ എത്തിക്കാനുള്ള തരത്തിൽ മാനവികതയുടേയും സ്നേഹത്തിന്റെയും മതനിരപേക്ഷ ചിന്തയുടേയും പ്രകാശം ഉള്ളിൽ ഉണ്ടാകുന്ന വിധത്തിലുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക

- സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായി ജൂൺ മാസത്തിൽ (3 മുതൽ 13 വരെ) ലഹരിയ്ക്കെതിരെയുള്ള ബോധവത്കരണം ,റോഡ് നിയമം ,പൊതുമുതൽ സംരക്ഷണം ,സൈബർ സുരക്ഷ,ഡിജിറ്റൽ അച്ചടക്കം ,മാലിന്യ സംസ്കരണം തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ദ്ധരുടെ ക്ലാസുകൾ സംഘടിപ്പിക്കുക

- എല്ലാ ക്ലാസ്സിലേയും കുട്ടികൾ പാഠ്യപദ്ധതി ലക്ഷ്യമിടുന്ന നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതിനൊപ്പം മതനിരപേക്ഷ ജനാധിപത്യ സംസ്കാരം ഉൾപ്പടെയുള്ള സാമൂഹിക മൂല്യങ്ങൾ വികസിക്കാനാവശ്യമായ അനുഭവതലം സ്കൂൾതല പ്രവർത്തനത്തിലൂടെ നേടിയെടുക്കുക

- കുട്ടികൾക്ക് സ്വന്തം കഴിവുകൾ കണ്ടെത്താനും ഉയർന്ന തലത്തിലേക്കെത്തിക്കാനും പരിമിതികൾ മറികടക്കാനും അവസരങ്ങൾ സൃഷ്ടിക്കുക

- മാതൃഭാഷയ്ക്കൊപ്പം ഇംഗ്ലീഷ് ,ഹിന്ദി ഭാഷകളിലും പ്രാവീണ്യം നേടുവാൻ അവസരം നൽകുക

# പ്രവർത്തന കലണ്ടറും മോണിറ്ററിങ്ങും

## HS – ഹിന്ദി

### അക്കാദമിക മാസ്റ്റർ പ്ലാൻ - ഹിന്ദി (2025 - 2026 )

**പൊതുവായ ലക്ഷ്യങ്ങൾ**

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടു
- ഭിന്നശേഷി കുട്ടിവൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

### എട്ടാംതരം

**ലക്ഷ്യങ്ങൾ**

**ജൂൺ - ജൂലൈ**

- അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു.
- ഉച്ചാരണം പരിചയപ്പെടുത്തുന്നു.
- അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു.

**സെപ്റ്റംബർ -നവംബർ**

- ആഴ്ചയുടെ പേര്, എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തു.
- ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.

**ഡിസംബർ-ജനുവരി**

- വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകു ന്നു.
- കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പി ക്കുവാൻ കഴിയുന്നു.

**പ്രവർത്തനങ്ങൾ**

- അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.
- ഉച്ചാ രണം കൂടുതലായി പരിചയപ്പെടുത്തുന്നു.

- ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു.
- കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.
- ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു.

## ഒമ്പതാംതരം

**ലക്ഷ്യങ്ങൾ**

**ജൂൺ - ജൂലൈ**

- ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീ ലനം നൽകുന്നു.

**സെപ്റ്റംബർ -നവംബർ**

- നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു.
- വാക്യഘടന പരിചയപ്പെടുത്തുടുത്തുന്നു.
- ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു.

**ഡിസംബർ-ജനുവരി**

- പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു.
- കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയും ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു.

**പ്രവർത്തനങ്ങൾ**

- വർക്ക് ഷീറ്റുകൾ നൽകുന്നു.
- ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു.
- ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ പറയുന്നു.
- കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു.
- പോസ്റ്ററിന്റെ മോഡൽ നൽകുന്നു.
- ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു.

## പത്താംതരം

**ലക്ഷ്യങ്ങൾ**

**ജൂൺ - ജൂലൈ**

- കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യ ങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്ത നങ്ങൾ നടത്തുന്നു.

**സെപ്റ്റംബർ -നവംബർ**

- സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

**ഡിസംബർ-ജനുവരി**

- ആശയങ്ങൾ വിവിധ തര ത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റു വാനാറിയുന്നു.
- സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനാറിയുന്നു.
- ഡയറി എഴുതുവാനറിയുന്നു.

**പ്രവർത്തനങ്ങൾ**

- നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു.
- പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു.
- പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങലെ ആസ്പദമാക്കി, ചരിത്ര കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.
- എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു.

# HS - സയൻസ്

## മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) **അത്ഭുത കണ്ണിലൂടെ:** കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 2) **ശാസ്ത്ര ലോകത്തേക്ക്:** നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3) **ഹൈടെക് വേൾഡ്:** മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| | സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവ ആധുനിക വൽക്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 4) **ആയുർരേഖ:** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |

## മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ. | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ്, ഹരിത സേന സീഡ് | കൃഷി വകുപ്പ്, ഹരിത സേന സീഡ് |
| | സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| 5) **വൈജ്ഞാനിക ബഹിർസ്ഫുരണം:** അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം 1 തവണ | സയൻസ് ക്ലബ്ബ് | മാനേജ്മെന്റ് |

# HS – ഇംഗ്ലീഷ്

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം.<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറുക്കുന്നതിനുവേണ്ടി English Cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ്, SRG | ഇംഗ്ലീഷ് ക്ലബ്ബ്, മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേർസ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്യാമ്പ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം. | ക്ലാസ് പ്രവർത്തനങ്ങൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | വെക്കേഷൻ, ശനിയാഴ്ചകൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | വെക്കേഷൻ (ഓണം, ക്രിസ്മസ്) | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, SRG, മാനേജ്മെന്റ് |
| | English fest, English film കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |
| 7) സംവാദ സദസുകൾ സംഘടിപ്പിക്കുക | Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ/വെക്കേഷൻ | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| | ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets-യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷം രണ്ട് തവണ | | |

# HS ഗണിതശാസ്ത്രം

## മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ആശയ ധാരണ കൈവരിക്കൽ | **ഒപ്പത്തിനൊപ്പം,** പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേർസ് ഗ്രാന്റ് |
| 3) ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ. | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പി.ടി.എ | പി.ടി.എ |

## മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 4) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ. | ശില്പശാല നടത്തുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ്ബ് | പി.ടി.എ |
| 5) സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ, സംഘ തലവൻ | |
| 6) അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| 7) ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും, മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്, മാനേജ്മെന്റ് |
| 8) ഗണിത മത്സരവേദിയിലേക്ക്: മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 9) ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ. | മെയ് / ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 10) രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു. | എല്ലാ അധ്യാപകരും | അധ്യാപകർ, HM, പി.ടി.എ. പ്രസിഡണ്ട് | |

## മേഖല — ഹൈസ്കൂൾ ജീവശാസ്ത്രം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പരിസ്ഥിതി ബോധവൽക്കരണം | • പരിസ്ഥിതി ദിനത്തിൽ മരത്തൈ നട്ടുപിടിപ്പിക്കൽ• പോസ്റ്റർ മത്സരം | **ജൂൺ 5** | ഇക്കോ ക്ലബ്, ബയോളജി വിഭാഗം | പി.ടി.എ, സയൻസ് ക്ലബ് |
| 2 | ലാബ് ഉപയോഗ നൈപുണ്യങ്ങൾ | ലാബ് സുരക്ഷാ പരിശീലനം, മൈക്രോസ്കോപ്പ് പരിചയം | ജൂൺ 2 ആം ആഴ്ച | ബയോളജി വിഭാഗം | സ്കൂൾ അധ്യാപന ഫണ്ട് |
| 3 | ജൈവ വൈവിധ്യം പരിചയപ്പെടൽ | സ്കൂൾ പരിസരത്തെ സസ്യ-ജന്തു പട്ടിക തയ്യാറാക്കൽ | ജൂലൈ മുഴുവൻ | ബയോളജി വിഭാഗം, സയൻസ് ക്ലബ് | പി.ടി.എ |
| 4 | സസ്യസംരക്ഷണത്തിന് ബോധവത്ക്കരണം | സസ്യോദ്യാനം സന്ദർശനം/ ഹെർബേറിയം നിർമ്മാണം + പ്രവർത്തനപത്രം | ജൂലൈ അവസാനം | ബയോളജി വിഭാഗം | പി.ടി.എ, എസ്.എം.സി |
| 5 | ബയോടെക്നോളജി പരിചയം | ലാബ് വർക്ക് — ടിഷ്യൂ കൾച്ചർ പരിശീലനം | ഓഗസ്റ്റ് 1 ആം ആഴ്ച | അതിഥി അധ്യാപകൻ | സ്ഥാപന സഹായം/സിഎസ്ആർ |
| 6 | പരിസ്ഥിതി പഠനാനുഭവം | ജലാശയത്തിൽ ഫീൽഡ് സ്റ്റഡി, സാമ്പിൾ ശേഖരണം | ഓഗസ്റ്റ് അവസാനം | ബയോളജി വിഭാഗം, ഇക്കോ ക്ലബ് | സയൻസ് ക്ലബ് |
| 7 | ഗവേഷണ വൈദഗ്ധ്യം വളർത്തൽ | വിദ്യാർത്ഥികൾക്ക് ചെറിയ ഗവേഷണ പദ്ധതി + പോസ്റ്റർ അവതരണം | ഓഗസ്റ്റ്–സെപ്റ്റംബർ | അധ്യാപകർ | പി.ടി.എ, സയൻസ് ക്ലബ് |
| 8 | അറിവ് മികവ് പരീക്ഷിക്കൽ | സ്കൂൾതല ബയോളജി ക്വിസ് + മോഡൽ പ്രദർശനം | സെപ്റ്റംബർ പകുതി | സയൻസ് ക്ലബ് | സയൻസ് ക്ലബ്, പൂർവവിദ്യാർത്ഥികൾ |
| 9 | വന്യജീവി സംരക്ഷണം | വൈൽഡ് ലൈഫ് വീക്ക് — ഡോക്യുമെന്ററി, ചർച്ച, പ്രതിജ്ഞ | ഒക്ടോബർ 2–7 | ഇക്കോ ക്ലബ് | പി.ടി.എ |
| 10 | കരിയർ ബോധവൽക്കരണം | "ജീവശാസ്ത്രത്തിൽ ജോലി അവസരങ്ങൾ" — പ്രഭാഷണം | ഒക്ടോബർ 3 ആം ആഴ്ച | കരിയർ ഗൈഡൻസ് സെൽ | എസ്.എം.സി |
| 11 | വിദ്യാർത്ഥി പ്രതിഭാ പ്രദർശനം | വർഷാന്ത്യ സയൻസ് | നവംബർ 2 ആം ആഴ്ച | സയൻസ് ക്ലബ്, ബയോളജി വിഭാഗം | പി.ടി.എ, ജില്ലാതല ഗ്രാന്റ് |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | | എക്സിബിഷൻ / ബയോ-ഫെയർ | | | |
| 12 | പാഠഭാഗം പുനരാവർത്തനം | പിയർ ലേണിങ്, ഗ്രൂപ്പ് റിവിഷൻ ക്ലാസുകൾ | ജനുവരി–ഫെബ്രുവരി | ബയോളജി വിഭാഗം | സ്കൂൾ അധ്യാപന ഫണ്ട് |
| 13 | പഠന ഫലങ്ങൾ രേഖപ്പെടുത്തൽ | വിദ്യാർത്ഥികളുടെ ശാസ്ത്ര പത്രിക **"യങ് ബയോളജിസ്റ്റ്"** പ്രസിദ്ധീകരണം | മാർച്ച് | അധ്യാപക-വിദ്യാർത്ഥി കമ്മിറ്റി | പി.ടി.എ, ലോക്കൽ സ്പോൺസർമാർ |

---

**ഉപയോഗത്തിന് കുറിപ്പുകൾ:**

- **പാഠ്യപദ്ധതിയുമായി കൂട്ടിച്ചേർക്കുക** – ഓരോ പ്രവർത്തിയും ആ മാസം പഠിപ്പിക്കുന്ന അദ്ധ്യായത്തോടൊപ്പം ആസൂത്രണം ചെയ്യുക.
- **വിദ്യാർത്ഥികളെ നേതൃത്വം നൽകാൻ പ്രോത്സാഹിപ്പിക്കുക** – വിദ്യാർത്ഥികൾക്ക് സംഘാടകൻ, ഡോക്യുമെന്റേഷൻ, ക്ലബ്ബ് സെക്രട്ടറി തുടങ്ങിയ റോളുകൾ നൽകുക.
- **രേഖകൾ തയ്യാറാക്കുക** – ഓരോ പ്രവർത്തനത്തിന്റെയും ലഘു റിപ്പോർട്ടുകൾ, ഫോട്ടോകൾ, റിസൾട്ട് തുടങ്ങിയവ തയ്യാറാക്കുക.
- **വിവിധ ഫണ്ടിംഗ് ഉറവിടങ്ങൾ ഉപയോഗിക്കുക** – പി.ടി.എ, സയൻസ് ക്ലബ് ഫണ്ട്, സോഷ്യൽ റിസ്പോൺസിബിലിറ്റി ഗ്രാന്റുകൾ എന്നിവ ചേർത്ത് ഉപയോഗിക്കുക.

# HS-മലയാളം

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം-അടിക്കുറിപ്പ്<br>9. ചിത്രം-കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ-വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ-ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

# HS സാമൂഹ്യശാസ്ത്രം

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സ നസുകൾ |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# UP

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ-എക്സ്പ്ലോർ** ആധുനീക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ** ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം** ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | പി.ടി.എ സയൻസ് ക്ലബ്ബ് |
| | **യുറേക്കാ** കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര** ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു. ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

## മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) **5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ.** ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷര ങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) **ഹിന്ദി വായന**: തെറ്റു കൂടാതെ ഹിന്ദി വായിക്കു വാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) **ഹിന്ദി സംസാരം**: ഹിന്ദി യിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാ രിക്കാനുള്ള ഭാഷ പരിചയ പ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്...........<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധ യോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തി ക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Missing Man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |
| | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | F.M. Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | **My Droplets** കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Alert Zone** സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Run Baby Run** ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Fun time Funda** കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | **The Grand Camp** ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്<br>ആറിന് **Role play** നാടകം എന്നിവ പ്രച്ഛന്നവേഷരായി<br>ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ.<br>ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

## ശാസ്ത്രം, ലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) **ശാസ്ത്രം:** ശാസ്ത്ര പ്രതിഭകളെ കണ്ടെത്തി ദേശീയ അന്തർ ദേശീയ തലത്തിലേക്ക് വളർത്തിയെടുക്കുന്നു. | മത്സര പരീക്ഷകൾ - ശാസ്ത്ര ക്വിസ്, ടാലന്റ് ഹണ്ട്, സംസ്ഥാനതല ശാസ്ത്ര മേളകൾ എന്നിവയിൽ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു.<br>സയൻസ് ലാബ് ആധുനീക വൽക്കരിക്കുന്നു. സോഷ്യൽ ലാബ് നവീകരിക്കൽ. | അഞ്ച് വർഷത്തിലൊരിക്കൽ | സയൻസ് അധ്യാപകർ |
| | ലാംഗ്വേജ് ലാബ് നിർമ്മിക്കുന്നു. ഗണിത ലാബ് ക്രമീകരിക്കൽ. | രണ്ട് വർഷം | ഹെഡ്മിസ്ട്രസ് |

## ലൈബ്രറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) സ്കൂൾ ലൈബ്രറിയുടെ കൃത്യമായ ഉപയോഗം | ടൈംടേബിൾ പ്രകാരം ക്ലാസിലെ മുഴുവൻ കുട്ടികളെയും ലൈബ്രറിയിൽ ഇരുത്തി വായിപ്പിക്കുന്നു. ആവശ്യമുള്ള കുട്ടികൾക്ക് സ്കൂൾ ലൈബ്രറി മെമ്പർഷിപ്പിലൂടെ റഫറൻസ് പുസ്തകങ്ങൾ വീട്ടിൽ കൊണ്ട് പോകുന്നതിനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം മുഴുവനും | ലൈബ്രേറിയൻ |
| | ക്ലാസ് ലൈബ്രറി ക്ലാസിരുന്ന് തന്നെ വായിക്കാനുള്ള പ്രേരണ നൽകുന്നു. | അക്കാദമിക വർഷം മുഴുവനും | ക്ലാസ് അധ്യാപകർ |

## പഠന യാത്രകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) ക്ലാസ് മുറികളിൽ നിന്നും ലഭിച്ച മിതമായ അറിവുകളുടെ അടിസ്ഥാനത്തിൽ പഠിതാക്കളിൽ യഥാർത്ഥ വസ്തുതകളെ പരീക്ഷണ നിരീക്ഷണ ഗവേഷണ തലത്തിലേക്ക് ഉയർത്തുന്നതിന്. | പ്രകൃതിയെ തൊട്ടറിഞ്ഞ് അനുഭവങ്ങൾ സ്വായത്തമാക്കുന്നു. | സെപ്തംബർ - ഒക്ടോബർ | പഠനയാത്ര കമ്മിറ്റി |
| | വ്യത്യസ്ത സാഹചര്യങ്ങൾ, കാലവസ്ഥ സംസ്ക്കാരം എന്നിവയോട് പൊരുത്തപ്പെട്ട് ഇടപെടുന്നതിന് | സെപ്തംബർ - ഒക്ടോബർ | പഠനയാത്ര കമ്മിറ്റി |
| 2) പ്രാദേശിക പരിസ്ഥിതികളും വിഭവങ്ങളും ചരിത്രവും കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനും അനുഭവം ബോധ്യമാക്കുന്നതിനും പഠനഭാരം ലഘൂകരിച്ച് ഉല്ലാസമാക്കുന്നതിനും. | ഏകദിന പഠന യാത്രകൾ, കണ്ടൽക്കാട്, തണ്ണീർ തടങ്ങൾ, കാവുകൾ, പ്രാദേശിക ചരിത്ര പ്രദേശങ്ങൾ എന്നിവിടങ്ങളിലേക്കുള്ള ഫീൽഡ് ട്രിപ്പ്. | അക്കാദമിക വർഷം | പഠനയാത്ര കമ്മിറ്റി |

## മേഖല: IEDC

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) പ്രത്യേക പരിഗണന അർഹിക്കുന്ന CWSN കുട്ടികളെ മറ്റ് കുട്ടികളോടൊപ്പം തന്നെ പഠിക്കുവാനുള്ള അവസരം നൽകുന്നു. | കുട്ടികളുടെ ശാരീരിക മാനസീക പരിമിതികൾ പരിഗണിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നു. | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ, ഹെഡ്മിസ്ട്രസ് |
| 2) പ്രത്യേക പരിഗണന അർഹിക്കുന്ന ജനവിഭാഗത്തോട് സഹാനുഭൂതി വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | ക്ലാസിലെ CWSN / IED കുട്ടികളെ പരിചരിക്കുന്നതിന് മറ്റ് കുട്ടികൾക്ക് ഉത്തരവാദിത്വം കൊടുക്കുന്നു. | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ, ഹെഡ്മിസ്ട്രസ് |
| 3) പഠന കാര്യങ്ങളിൽ റിസോഴ്സ് ടീച്ചേഴ്സിന്റെ സേവനം പ്രയോജനപ്പെടുത്തുന്നു. | IQ ടെസ്റ്റിലൂടെയും മറ്റ് സാങ്കേതിക സാധ്യതകളിലൂടെയും പഠന നിലവാരം മെച്ചപ്പെടുത്തുന്നു. | അക്കാദമിക വർഷം | റിസോഴ്സ് അധ്യാപകർ |

## മേഖല: കലാ – കായികം

**ഉപമേഖല: ചിത്രകല, കായികം, പ്രവൃത്തി പരിചയം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) കുട്ടികളുടെ ഉള്ളിൽ അന്തർ ലീനമായി കിടക്കുന്ന സവിശേഷ ശേഷികളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. | ചിത്രകലയെ കുറിച്ചുള്ള ഡമോൺസ്ട്രേഷൻ ക്ലാസുകൾ, പെയിന്റിങ്ങ്, ക്ലേ മോഡലിംഗ് എന്നിവയിൽ താൽപര്യമുള്ള മുഴുവൻ കുട്ടികൾക്കും പരിശീലനം. കുട്ടികളുടെ സർഗ്ഗ സൃഷ്ടികളുടെ പ്രദർശനം. | അക്കാദമിക വർഷം | കലാ അധ്യാപകർ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 2) സ്വയം തൊഴിൽ മേഖലയിലേക്ക് കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു. | ചോക്ക്, കുട എന്നിവയുടെ നിർമ്മാണം | അവധിക്കാലം, ഏപ്രിൽ, മെയ് | പ്രവൃത്തി പരിചയ, കലാ അധ്യാപകർ |
| 3) ശാരീരിക മാനസീക ആരോഗ്യം പരിപോഷിപ്പിക്കൽ | യോഗ പരിശീലനം (ആഴ്ചയിൽ ഒരിക്കൽ) അസംബ്ലി ദിവസങ്ങളിൽ മാസ്ഡ്രിൽ (ആഴ്ചയിൽ രണ്ട് ദിവസം ക്ലാസ് അടിസ്ഥാനത്തിൽ മാസ്ഡ്രിൽ പരിശീലനം) | അക്കാദമിക വർഷം | കായിക അധ്യാപകർ |
| | വിദ്യാലയത്തിലെ കുട്ടികളെ പരിശീലിപ്പിച്ച് അന്തർ ദേശീയ തലത്തിൽ മത്സരിപ്പിക്കുന്നതിന് | ഒരു വർഷത്തിനുള്ളിൽ | കായിക അധ്യാപകർ |
| | വിദ്യാലയത്തിലെ കുട്ടികളെ പരിശീലിപ്പിച്ച് അന്തർ ദേശീയ തലത്തിൽ മത്സരിപ്പിക്കുന്നതിന് മികച്ച ഖൊ- ഖൊ ടീം രൂപീകരണം. | ഒരു വർഷത്തിനുള്ളിൽ | കായിക അധ്യാപകർ |

# സാമൂഹ്യസംവിധാനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) തദ്ദേശീയ ഭരണ സംവിധാനത്തിലുള്ള ഉന്നത വ്യക്തിത്വങ്ങൾ, ഫണ്ടുകൾ എന്നിവയെ ഉപയോഗപ്പെടുത്തി കൊണ്ട് സ്കൂളിന്റെ ഭൗതീക അക്കാദമികതലം പരിപോഷിപ്പിക്കൽ. | കുട്ടികൾക്കാവശ്യമായ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നതിന് മുൻസിപ്പൽ തല ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ സേവനം ഉപയോഗപ്പെടുത്തുന്നു.<br>അർഹിക്കുന്ന കുട്ടികൾക്കുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നു. | അക്കാദമിക വർഷം | ഹെഡ്മിസ്ട്രസ് |

# സ്കൂൾ അസംബ്ലി, സർഗ്ഗ വേളകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) സദസ്സിനെ അഭിമുഖീകരിക്കുവാൻ ആത്മവിശ്വാസം വളർത്തൽ, ആത്മധൈര്യം നേടൽ. | ഒരു പഠിതാവ് നേടിയെടുക്കേണ്ട മൂല്യങ്ങളായ ബഹുമാനം, സത്യസന്ധത, സഹാനുഭൂതി എന്നിവയൊക്കെ മുൻനിർത്തി ക്ലാസ് അടിസ്ഥാനത്തിൽ കുട്ടികൾ തന്നെ ഒരുക്കുന്ന അസംബ്ലി സംഘടിപ്പിക്കുന്നു.<br>ഇതിലൂടെ വേദിയെ അഭിമുഖീകരിക്കാനുള്ള ആത്മവിശ്വാസം നേടുന്നു.<br>അവതരണത്തിനുള്ള ആത്മധൈര്യം നേടുന്നതിലൂടെ അവസരത്തിനൊത്ത് കുട്ടികൾ വേദിയിൽ അവരുടെ കഴിവ് പ്രകടിപ്പിക്കാൻ അവസരം ഒരുക്കുന്നു. | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 2) പൂർവ്വ വിദ്യാർത്ഥികളെ സ്കൂളിന്റെ ഭാഗമാക്കി നിലനിർത്തുന്നു. | സ്കൂളിൽ നിന്നും പഠിച്ച് സമൂഹത്തിന്റെ ഉന്നതിയിൽ നിൽക്കുന്ന പൂർവ്വ വിദ്യാർത്ഥികളെ ഉപയോഗിച്ച് കൊണ്ട് മോട്ടിവേഷൻ ക്ലാസുകൾ, സൗജന്യ മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്നു.<br>ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സാമ്പത്തീകസഹായം ലഭ്യമാക്കുന്നു. | അക്കാദമിക വർഷം | ഹെഡ്മിസ്ട്രസ് |
| 3) സ്ഥലത്തെ ക്ലബ്ബുകളുടെ സഹായം സ്കൂളിന്റെ അക്കാദമിക ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഉപയോഗിക്കുന്നു. | ലയൺസ് ക്ലബ്ബ്, റോട്ടറി ക്ലബ്ബ്, ജൂനിയർ ചേമ്പർ, ലൈബ്രറി കൗൺസിൽ എന്നിവരുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നു. | അക്കാദമിക വർഷം | പ്രധാന അധ്യാപിക |

# SRG

## ലക്ഷ്യങ്ങൾ

- എസ്.ആർ.ജി തീരുമാന പ്രകാരം എത്രമാത്രം പ്രവർത്തനങ്ങൾ നടന്നുവെന്ന് പ്രധാനാദ്ധ്യാപകൻ കൺവീനറുമായി ആലോചിച്ച് അവലോകന റിപ്പോർട്ട് തയ്യാറാക്കൽ.
- പ്രധാനാദ്ധ്യാപകന്റെ ക്ലാസ് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കൽ
- കൺവീനർ, സ്റ്റാഫ് സെക്രട്ടറി എന്നിവരുമായി ചർച്ചചെയ്ത് അജണ്ട നിശ്ചയിക്കൽ
- എസ്.ആർ.ജിയിൽ പങ്കെടുക്കേണ്ട റിസോഴ്സ് പേഴ്സനെ നിശ്ചയിക്കൽ, ക്ഷണിക്കൽ

## പ്രവർത്തനങ്ങൾ

- എസ്.ആർ.ജി അംഗങ്ങളുടെ സമ്പൂർണ്ണപങ്കാളിത്തവും മുഴുവൻ സമയ സാന്നിദ്ധ്യവും
- എച്ച്.എം - ന്റെ മോണിറ്ററിംഗ് റിപ്പോർട്ടിംഗ്,റിപ്പോർട്ടിംഗ് അവലോകനം മികവുകളും പരിമിതികളും അവതരണം
- പ്രവർത്തന മികവുകളിൽ പങ്കാളിയായവരെ അഭിനന്ദിക്കൽ,അംഗീകരിക്കൽ, സഹായംആവശ്യമായവർക്ക് ലഭ്യമാക്കുന്നതിനുള്ളതീരുമാനങ്ങൾ, മാർഗ്ഗങ്ങൾ സ്വീകരിക്കൽ
- പൂർത്തീകരിക്കാത്ത പ്രവർത്തനങ്ങൾ അടുത്ത ആഴ്ചയിലേയ്ക്ക് പുനരാസൂത്രണം ചെയ്യൽ
- അടുത്ത ആഴ്ചയിലെ പഠനപ്രവർത്തനങ്ങൾ,ദിനാചരണം, അക്കാദമിക് മാസ്റ്റർപ്ലാനിലെ പ്രവർത്തനങ്ങൾ (എ.എം.പി) ആസൂത്രണം ചെയ്യൽ, ചുമതലാ വിഭജനം
- ആവശ്യമായ സഹായ സംവിധാനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ആസൂത്രണം.
- ചർച്ചകളും തീരുമാനങ്ങളും കൃത്യമായി മിനിട്ട്സിൽ രേഖപ്പെടുത്തൽ.

# സ്റ്റാഫ് മീറ്റിങ്

സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള കാര്യക്ഷമത മെച്ചപ്പെടുത്തുന്ന കാര്യങ്ങൾ ചർച്ച ചെയ്യുക എന്നതാണ് സ്റ്റാഫ് മീറ്റിങ്ങിന്റെ ലക്ഷ്യം.സ്റ്റാഫ് മീറ്റിങ്ങിൽ സ്കൂളിലെ അംഗങ്ങൾ ,അധ്യാപകർ ,ഹെഡ്മാസ്റ്റർ എന്നിവർ ഒത്തുകൂടി വിദ്യാഭ്യാസ പുരോഗതി വിഷയങ്ങൾ ,വിദ്യാർത്ഥികളുടെ പഠനഫലങ്ങളെക്കുറിച്ചുള്ള അഭിപ്രായങ്ങൾ ,ആശയങ്ങൾ ,ഫീഡ്ബാക്ക് എന്നിവ കൈമാറുന്നു .ഒരു വിദ്യാഭ്യാസ സ്ഥാപനം സുഗമമായി നടത്തുന്നതിനും വിദ്യാർത്ഥികൾക്ക് ഗുണനിലവാരമുള്ള പഠനാനുഭവം നൽകുന്നതിനും അധ്യാപകയോഗം വളരെ പ്രധാനമാണ് .അക്കാദമിക വളർച്ചയ്ക്ക് ഉതകുന്ന തരത്തിൽ സ്റ്റാഫ് മീറ്റിങ്ങിൽ അധ്യാപകർക്ക് നിലവിലെ ക്ലാസ് പ്രകടനത്തെക്കുറിച്ച് ചർച്ച ചെയ്യാനും ,വിദ്യാർത്ഥികളുടെ അക്കാദമിക ഫലങ്ങൾ മെച്ചപ്പെടുത്തുന്നതിന് കൂടുതൽ എന്തു ചെയ്യാനാകുമെന്ന് കണ്ടെത്തി പ്രയോഗത്തിൽ വരുത്തുവാൻ കഴിയും .

# അധ്യാപക രക്ഷാകർത്തൃ സംഘടന
# (Parent-Teacher Association (PTA)

അധ്യാപകരും രക്ഷാകർത്താക്കളും ചേർന്നു രൂപവത്കരിക്കുന്ന സംഘടനയാണ്. **അധ്യാപക രക്ഷാകർത്തൃസംഘടന**, Parent-Teacher Association (PTA)

### PTA-യുടെ പ്രധാന ലക്ഷ്യങ്ങൾ

**കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുക:**

കുട്ടികളുടെ പഠനത്തിൽ രക്ഷിതാക്കൾക്കും അധ്യാപകർക്കും ഒരുമിച്ച് പ്രവർത്തിക്കാനും അവരുടെ പഠനനിലവാരം ഉയർത്താനും PTA ലക്ഷ്യമിടുന്നു.

**വിദ്യാലയ വികസനം:**

സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും പഠനോപകരണങ്ങൾ ലഭ്യമാക്കാനും PTA പ്രവർത്തിക്കുന്നു.

**മാതാപിതാക്കളുടെയും അധ്യാപകരുടെയും സഹകരണം:**

രക്ഷിതാക്കൾക്കും അധ്യാപകർക്കും പരസ്പരം ആശയങ്ങൾ പങ്കുവെക്കാനും കുട്ടികളുടെ പഠന കാര്യങ്ങളിൽ ഒരുമിച്ച് പ്രവർത്തിക്കാനും PTA അവസരമൊരുക്കുന്നു.

**വിദ്യാലയ പ്രവർത്തനങ്ങളിൽ പങ്കുചേരൽ:**

സ്കൂൾ പ്രവർത്തനങ്ങളിലും പരിപാടികളിലും രക്ഷിതാക്കൾക്ക് പങ്കുചേരാനും സഹകരിക്കാനും PTA പ്രോത്സാഹിപ്പിക്കുന്നു.

**വിദ്യാഭ്യാസപരമായ വിഷയങ്ങളിൽ കൂട്ടായ തീരുമാനം:**

കുട്ടികളുടെ വിദ്യാഭ്യാസം, പഠന രീതികൾ തുടങ്ങിയ വിഷയങ്ങളിൽ രക്ഷിതാക്കൾക്കും അധ്യാപകർക്കും ഒരുമിച്ച് തീരുമാനമെടുക്കാൻ PTA സഹായിക്കുന്നു.

**വിദ്യാർത്ഥികളുടെ സമഗ്ര വികസനം:**

പഠനത്തോടൊപ്പം കായിക, കലാപരമായ കഴിവുകൾ വളർത്താനും വിദ്യാർത്ഥികളുടെ മാനസികാരോഗ്യത്തിന് പ്രാധാന്യം നൽകാനും PTA ലക്ഷ്യമിടുന്നു.

# ഉപസംഹാരം

ചുനക്കര ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ അക്കാദമിക -അക്കാദമികേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ് .കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത് .'അക്കാദമിക മികവിലൂടെ വിദ്യാലയ മികവ്' എന്ന കാഴ്ചപ്പാട് ഉയർത്തിക്കൊണ്ട് തയാറാക്കിയ ഈ മാർഗരേഖ ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകളടക്കം പ്രയോജനപ്പെടുത്തി ഗുണപരമായ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വഴികാട്ടിയായി മാറുമെന്ന് പ്രതീക്ഷിക്കുന്നു .ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഉദ്ദേശിച്ച രീതിയൽ പ്രവർത്തികമാക്കുന്നതിന് രക്ഷിതാക്കളുടേയും, സമൂഹത്തിന്റേയും ,ജനപ്രതിനിധികളുടേയും ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സഹായം കൊണ്ട് സ്കൂളിന് കഴിയും എന്ന് പ്രത്യാശിക്കുന്നു .